**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
തിരുവനന്തപുരം-695033

**<u>സർക്കുലർ</u>**

നമ്പർ: ബി3/53/2022/സം.തി.ക. തീയതി: 01.09.2022

വിഷയം:-സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-മട്ടന്നൂർ നഗരസഭ-പൊതുതിരഞ്ഞെടുപ്പ് 2022- വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങളുടേയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ്- മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്:

സൂചന:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 31.05.2022 ലെ 17/2022/സം.തി.ക നമ്പർ വിജ്ഞാപനം
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 14.06.2022 ലെ 19/2022/സം.തി.ക നമ്പർ വിജ്ഞാപനം

*************

1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 20, 21 വകുപ്പുകളിൽ മുനിസിപ്പാലിറ്റികളിലെ സ്റ്റാൻറിംഗ് കമ്മിറ്റികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങളുടേയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മട്ടന്നൂർ നഗരസഭയിൽ ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, മരാമത്ത് കാര്യം, വിദ്യാഭ്യാസ കലാകായിക കാര്യം എന്നിങ്ങനെ 6-സ്റ്റാൻറിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

2. ഓരോ സ്റ്റാൻറിംഗ് കമ്മിറ്റിയിലെയും അംഗങ്ങളുടെ എണ്ണം 2000-ലെ കേരള മുൻസിപ്പാലിറ്റി (സ്റ്റാൻറിംഗ് കമ്മിറ്റി)ചട്ടങ്ങളിലെ പട്ടിക - II പ്രകാരമായിരിക്കണം.

3. മട്ടന്നൂർ നഗരസഭയിലെ സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള വരണാധികാരിയായി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടുത്തി കമ്മീഷൻ സൂചന(1 ) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

4. നഗരസഭയിലെ വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള യോഗങ്ങൾ 2022 സെപ്റ്റംബർ 30ാം തീയതിയ്ക്കകം വിളിച്ചു ചേർത്ത് നടപടികൾ പൂർത്തിയാക്കേണ്ടതും വിവരം കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

5. വരണാധികാരി സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ച് കൂട്ടുന്നതിന് സ്ഥലം, തീയതി, സമയം എന്നിവ കാണിച്ച് കൊണ്ടുള്ള നോട്ടീസ് എല്ലാ തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്കും യോഗ തീയതിക്ക് 5 ദിവസം മുമ്പും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിന്റെ നോട്ടീസ് ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും യോഗ തീയതിക്ക് രണ്ട് ദിവസം മുമ്പും

നൽകേണ്ടതാണ്. മേൽ പറഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിത ഒഴിവു ദിവസങ്ങൾ ഉൾപ്പെടുന്നതും നോട്ടീസ് കൈപ്പറ്റിയ തീയതിയും യോഗം കൂടുന്ന തീയതിയും ഉൾപ്പെടാത്തതും ആകുന്നു.

6. സ്റ്റാൻറിംഗ് കമ്മിറ്റികളിൽ മത്സരിക്കാൻ താല്പര്യമുള്ള കൗൺസിലർമാർ നാമനിർദ്ദേശം വരണാധികാരിയെ ഏൽപ്പിക്കേണ്ട അവസാന തീയതിയും സമയവും കൂടി പ്രസ്തുത നോട്ടീസിൽ കാണിച്ചിരിക്കേണ്ടതാണ്. അതായത്, കഴിയുന്നതും യോഗം ചേരാൻ നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടു മുമ്പുവരെയുള്ള ഒരു ക്ലിപ്ത സമയം നോമിനേഷൻ സ്വീകരിക്കുന്നതിന് നിശ്ചയിച്ച് നോട്ടീസ് നൽകാവുന്നതാണ്.

7. സ്റ്റാൻറിംഗ് കമ്മിറ്റി സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേക്ക് സ്ത്രീകളല്ലാത്ത അംഗങ്ങൾ സ്ഥാനാർത്ഥികളാകാൻ പാടില്ലാത്തതാണ്. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാ ൻ സ്ഥാനങ്ങളിൽ ക്ഷേമകാര്യം, മരാമത്ത്കാര്യം എന്നീ രണ്ട് സ്റ്റാൻറിംഗ് കമ്മിറ്റികളിലെ ചെയർമാ ൻ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തു കൊണ്ട് സൂചന (2) പ്രകാരം കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ചെയർപേഴ്സ ൺ സ്ത്രീ സംവരണമായതിനാ ൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാ ൻ സ്ഥാനം സ്ത്രീ സംവരണമാണ്.

8. സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർപേഴ്സൺമാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കമ്മീഷൻ കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**എ. സന്തോഷ്**
**സെക്രട്ടറി**

കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ &
വരണാധികാരി, മട്ടന്നൂർ നഗരസഭ
ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, കണ്ണൂർ

പകർപ്പ്:-
നഗരകാര്യ റീജിയണൽ ജോയിൻറ് ഡയറക്ടർ, കോഴിക്കോട്
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കമ്മീഷണറുടെ സി. എ/സെക്രട്ടറിയുടെ സി. എ
കമ്പ്യൂട്ടർ പ്രോഗ്രാമർ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട് (ഇലക്ഷൻ)